*⇨ രാസവളപ്രയോഗത്താൽ നശിച്ചുപോയ മണ്ണിനെ ജൈവകൃഷിരീതിയിലേക്ക് മാറ്റുന്നതിന് പ്രയാസം നേരിടുന്നു ⇨*

# മാധ്യമങ്ങളിൽ പ്രതിഫലിക്കുന്നതല്ല പൊതുജനാഭിപ്രായം

**കെ.എം. ജിതിലേഷ്**
(ഫോട്ടോഗ്രാഫർ, യാത്രികൻ)

യാത്ര തുടങ്ങിയ ദിവസം മുതൽ ഞാൻ കൂടെയുണ്ട്. ഒരു കാൽനടയാത്രയിൽ ആദ്യമായാണ് പങ്കുചേരുന്നത്. നാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ശരിക്കും മനസ്സിലാക്കാൻ കഴിയുന്നത് നടന്നുപോകുമ്പോഴാണ്. ജനങ്ങളോട് നേരിട്ട് ചോദിച്ചറിയുമ്പോഴാണ് കേരളത്തിലെ പരിസ്ഥിതി പ്രശ്നങ്ങളുടെ ആഴം ശരിക്കും മനസ്സിലാക്കാൻ കഴിയുന്നത്. ഞങ്ങൾ പോയ വഴികളിലെല്ലാം കുടിവെള്ള പ്രശ്നം വളരെ രൂക്ഷമാണ്. പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിൽ. ചെങ്കൽക്കുന്നുകൾക്കുണ്ടായ നാശമാണ് അതിന് പ്രധാനകാരണം. കിണറുകൾ വറ്റിത്തുടങ്ങിയതോടെ കുഴൽക്കിണറുകൾ കിഴക്കൻമേഖലയിൽ വ്യാപകമായിത്തുടങ്ങി. ക്വാറികൾ പെരുകിയതും കുടിവെള്ളം കുറയാൻ കാരണമായിട്ടുണ്ട്. ഇത്തരം അനധികൃത പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ കഴിയാത്തതരത്തിലേക്ക് രാഷ്ട്രീയ വ്യവസ്ഥിതി മാറിപ്പോയി എന്നതും ജനങ്ങളെ കൂടുതൽ വിഷമത്തിലാക്കുന്നുണ്ട്. നിലവിലെ രാഷ്ട്രീയ വ്യവസ്ഥിതിയോട് അതുകൊണ്ടുതന്നെ അവർക്കെല്ലാം പുച്ഛമാണ്. തെരഞ്ഞെടുപ്പാകുമ്പോൾ ഒരു ശീലം പോലെ വോട്ടുചെയ്യുന്നെന്ന് മാത്രം. പുതിയ ഒരു രാഷ്ട്രീയ വ്യവസ്ഥിതി ഉയർന്നുവരേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങൾ അവരുടേതായ ഭാഷയിൽ ഞങ്ങളോട് സംസാരിച്ചു. യാത്രയിലുടനീളം അത്തരം വാക്കുകൾ കേൾക്കാൻ കഴിഞ്ഞു.

ആദിവാസി മേഖലകളിലെ സ്ഥിതിയാണ് അതിലും ദയനീയം. ആറളം ഫാം ഉൾപ്പെടുന്ന വലിയ ആദിവാസി സെറ്റിൽമെന്റിൽ ഞങ്ങൾ പോയിരുന്നു. മുത്തങ്ങ സമരത്തെത്തുടർന്ന് ആദിവാസികൾക്ക് ഭൂമി നൽകിയ പുനരധിവസിപ്പിച്ച സ്ഥലമാണത്. പണിയവിഭാഗത്തിൽപ്പെട്ട ആദിവാസികളാണ് ഇവിടെ ഏറെയുമുള്ളത്. കോളനികളായി ജീവിച്ചിരുന്ന രീതിയിൽ നിന്നും ആറളത്തേക്ക് പറച്ചുനടത്തിന്റെ പ്രശ്നങ്ങൾ അവർ അനുഭവിക്കുന്നുണ്ട്. ഒരേക്കർ സ്ഥലത്ത് ഒരു കുടുംബം എന്ന രീതിയിലാണ് അവർ അവിടെ കഴിയുന്നത്. ആദിവാസിക ഊരുകളിൽ കൂട്ടമായി ജീവിച്ചിരുന്ന രീതി ഇവിടെ പുനസൃഷ്ടിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ജീവതപ്രശ്നങ്ങളെല്ലാം സംഘടിതമായി പരിഹരിച്ചിരുന്ന രീതിയും അതോടെ നഷ്ടമായി. വന്യജീവികളുടെ ആക്രമമാണ് ആറളത്തെ മറ്റൊരു പ്രധാനപ്രശ്നം. ഞങ്ങൾ അവിടെ എത്തുന്നതിന് തലേന്ന് ഒരു സ്ത്രീയെ ആന ചവിട്ടിക്കൊന്നിരുന്നു.

ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ചുള്ള സന്ദേഹങ്ങൾ ജനങ്ങൾ കൂടുതലായും ഉന്നയിച്ചത് കണ്ണൂർ-വയനാട് അതിർത്തിയിലുള്ള കൊട്ടിയൂർ മേഖലയിലാണ്. പ്രതിഷേധക്കാർ വാഹനങ്ങൾ കത്തിച്ച സ്ഥലങ്ങളിലെല്ലാം ഞങ്ങൾ പോയിരുന്നു. എന്നാൽ തെറ്റിദ്ധാരണയുടെ പുറത്ത് ആകസ്മികമായി സംഭവിച്ചതാണ് അതെല്ലാമെന്ന് പലരും ഇപ്പോൾ സമ്മതിക്കുന്നുണ്ട്. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളെക്കുറിച്ച് ഒരു ധാരണയുമില്ലാതെ ചെയ്തുകൂട്ടിയതാണ് അതെല്ലാമെന്നും അവർ പറഞ്ഞു.

മലയോരങ്ങളിലൂടെയായിരുന്നു യാത്ര എന്നതിനാൽത്തന്നെ ഞങ്ങൾ പിന്നിട്ട പ്രദേശങ്ങൾ മിക്കതും കാർഷിക മേഖലകൾ തന്നെയായിരുന്നു. കൃഷിയായിരുന്നു അവിടങ്ങളിലെല്ലാം ജനങ്ങളുടെ ഉപജീവനമാർഗ്ഗം. ഏകവിളത്തോട്ടങ്ങൾ കിഴക്കൻ മലയോരങ്ങളിൽ കൂടിക്കൊണ്ടിരിക്കുകയാണ്. ഇടവിളകൾ വളരെയധികം കുറഞ്ഞു. കീടനാശി ഉപയോഗം മൂലം മണ്ണിന് വലിയ നാശം സംഭവിച്ചിട്ടുണ്ട്. ജൈവകൃഷിയിലേക്ക് പലരും തിരിയുന്നുണ്ടെങ്കിലും തുടക്കത്തിൽ ഏറെ വിഷമങ്ങൾ നേരിടേണ്ടിവരുമെന്നാണ് പല കർഷകരും പറഞ്ഞത്. ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ അനുകൂലമായ സ്ഥലങ്ങളിലാണ് ജൈവകൃഷി ആളുകൾ വിജയകരമായി ചെയ്യുന്നത്. പ്രത്യേകിച്ചും വയലുകളിൽ. തുടർച്ചയായ രാസവളപ്രയോഗത്താൽ നശിച്ചുപോയ മണ്ണിനെ ജൈവകൃഷിരീതിയിലേക്ക് മാറ്റുന്നതിന് പ്രയാസം നേരിടുന്നതായി കർഷകർ അഭിപ്രായപ്പെട്ടു.

ജനങ്ങൾ പറയുന്നത് കേൾക്കുക എന്ന യാത്രയുടെ രീതി വളരെ ഫലപ്രദമായിരുന്നു. വാഹനപ്രചരണ ജാഥകളുടെ കോലാ

ഹലങ്ങൾ മാത്രം കണ്ടുശീലിച്ച ജനങ്ങൾക്കും അത് തികച്ചും വ്യത്യസ്തമായ ഒരനുഭവമായിരുന്നു. ഏകഭാഷണങ്ങൾ മാത്രമായ രാഷ്ട്രീയ ലക്ഷ്യത്തോടെ നടത്തുന്ന യാത്രകൾ ജനങ്ങൾക്ക് മടുത്തിരിക്കുന്നു. അതുകൊണ്ടുതന്നെ കേൾക്കാൻ ചെന്ന ഞങ്ങളോട് വളരെ സന്തോഷത്തോടെയാണ് മിക്കവരും സംസാരിച്ചത്. സ്ത്രീകളും കുട്ടികളുമാണ് കൂടുതൽ സംസാരിച്ചത്. സ്ത്രീകൾ കൂടുതൽ കരുത്തോടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതായി അനുഭവപ്പെട്ടു. പല കുടുംബശ്രീ മീറ്റിംഗുകളിലും പോയി ഞങ്ങൾ അവരോട് സംസാരിച്ചിരുന്നു. അത്തരം കൂട്ടായ്മകൾ സ്ത്രീകളെ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

പൊതുജനാഭിപ്രായം എന്ന നിലയിൽ മാധ്യമങ്ങളിലൂടെയെല്ലാം നമ്മൾ കേൾക്കുന്നതിനപ്പുറം ചില അഭിപ്രായങ്ങളുണ്ട്. ഈ രീതിയിൽ മാത്രമേ ആ അഭിപ്രായങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയുകയുള്ളൂ. പൊതുജനാഭിപ്രായം എന്ന പേരുപറഞ്ഞ് വ്യവസ്ഥാപിത രാഷ്ട്രീയക്കാർ പലപ്പോഴും പ്രതിനിധീകരിക്കാറുള്ളത് ജനാഭിപ്രായമല്ല. എല്ലാവരും പറഞ്ഞ കാര്യങ്ങൾ ക്രോഡീകരിച്ച് കേരളത്തിലെ മലയോരജനതയുടെ യഥാർത്ഥ അഭിപ്രായം ഞങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ വയ്ക്കും. പരിമതികളുണ്ടെങ്കിൽ പോലും പരമാവധി ആളുകളിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. മലയോര ജനതയുടെ ഈ അഭിപ്രായങ്ങളും ഞങ്ങൾ കണ്ടറിഞ്ഞ അവരുടെ ജീവിതാവസ്ഥകളും പരിസ്ഥിതിയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുമെല്ലാം പരിഗണിച്ച് പശ്ചിമഘട്ട സംരക്ഷണത്തിനായി എങ്ങനെ മുന്നോട്ട് പോകമെന്നാണ് യാത്രയുടെ തുടർച്ചയായി ആലോചിക്കേണ്ടത്. ■

# കുന്നുകളെല്ലാം ടിപ്പറിൽ കയറിപ്പോവുകയാണ്

**സൂര്യ**
**(സ്കൂളിൽ പോകാതെ പഠനം നടത്തുന്നു, യാത്രിക)**

**പഠനത്തിന്റെ** ഭാഗമായാണ് ഞാൻ യാത്രയിൽ പങ്കെടുക്കുന്നത്. സ്കൂളിൽ പോകാതെ ബദൽ വിദ്യാഭ്യാസ രീതിയിൽ പഠനം തുടരുന്നയാളാണ് ഞാൻ. അത്തരത്തിലുള്ള എന്റെ പഠനരീതിക്ക് വളരെ ഉപകാരപ്പെടുന്ന ഒന്നാണ് പശ്ചിമഘട്ട സംവാദയാത്ര. കാഴ്ചകൾ കണ്ട് പഠിക്കാം എന്നതായിരുന്നു യാത്രയിലെത്തുമ്പോഴുള്ള എന്റെ ഉദ്ദേശം. എന്നാൽ യാത്ര തുടങ്ങിയതോടെ വെറും കാഴ്ചക്കാരി മാത്രമാകാതെ സംവാദത്തിലും ഞാൻ പങ്കാളിയായി. വെള്ളം കിട്ടാതെയാകുന്നു എന്ന പരാതിയാണ് ആളുകൾ കൂടുതലായും പറയുന്നുണ്ടായിരുന്നത്. വെള്ളം കുറയുന്നതിന്റെ കാരണം അവർക്ക് മുന്നിൽത്തന്നെ വ്യക്തമാണ്. ചെങ്കൽക്കുന്നുകളും പാറകളുമെല്ലാം വ്യാപകമായി ഇടിച്ചുനിരത്തിയാൽ വെള്ളം കിട്ടാതാകുമെന്ന് പലരും മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ഒരു കഷ്ണം ചെങ്കൽപാറ രണ്ട് ലിറ്റർ വരെ വെള്ളം സംരക്ഷിക്കുമെന്ന് ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ ഒരു ചെങ്കൽക്കുന്നിൽ എത്രമാത്രം വെള്ളമുണ്ടാകും. പക്ഷെ കുന്നുകളെല്ലാം ടിപ്പർ ലോറിയിൽ കയറി പോകുന്ന കാഴ്ചയാണ് ഞങ്ങൾ കൂടുതലും കണ്ടത്. പുഴകളിലും വെള്ളം കുറവാണ്. കാട്ടിൽ നിന്നുള്ള നീരൊഴുക്ക് കുറഞ്ഞതും ചെക്ക് ഡാമുകൾ വ്യാപകമായതും പുഴയുടെ താഴെ തടങ്ങളിൽ വെള്ളം കുറയാൻ കാരണമാക്കിയെന്ന് നാട്ടുകാർ പറഞ്ഞു. ബഹുഭൂരിപക്ഷം ചെറുതോടുകളും നികന്നുകഴിഞ്ഞു. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പാറമണലുണ്ടാക്കുന്ന ഒരു വലിയ ക്വാറിക്കരികിലൂടെ ഞങ്ങൾ പോയിരുന്നു. പാറമണൽ ശുദ്ധീകരിച്ച ശേഷമുള്ള പാറപ്പൊടി കലർന്ന വെള്ളം സമീപത്തുള്ള ഒരു തോട്ടിലേക്ക് ഒഴുക്കിവിടുകയാണ് അവർ ചെയ്യുന്നത്. 30 മീറ്റർ വീതിയുണ്ടായിരുന്ന ആ തോടിന് ഇപ്പോൾ അഞ്ച് മീറ്റർ മാത്രമാണ് വീതിയെന്ന് നാട്ടുകാർ പറയുന്നു. ക്വാറിക്കെതിരെ സമരം നടക്കുന്ന സ്ഥലമാണത്.

ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകളെക്കുറിച്ച് ജനങ്ങൾക്ക് ആശങ്കയുള്ള സ്ഥല